# വചനവിചിന്തനം ജൂലൈ 12 ഞായർ, 2009

Lk 13 .22:35

നാമെല്ലാവരും യാത്രികരാണ് . നിരവധി യാത്രകൾ പലവിധത്തിൽ നാം നടത്തിയിട്ടുണ്ട് . യാത്ര തുടങ്ങുമ്പോൾ നാം ആദ്യം ചിന്തിക്കുന്നത് ലക്ഷ്യ സ്ഥാനത്തേയ്ക്കുള്ള ഏറ്റവും എളുപ്പവഴിയാണ് . ഏതു തരത്തിലുള്ള വാഹനം വേണം, അപകടം വല്ലതുമുണ്ടോ തുടങ്ങിയ കാര്യങ്ങൾ. എന്നാൽ നമ്മുടെ ബുദ്ധിപൂർകമായ പ്രവൃത്തി ബുദ്ധിശൂന്യതയായി എണ്ണപ്പെടുന്ന അവസരമുണ്ടെന്ന് യേശുനാഥൻ ശക്തിയുക്തം ഓർമ്മിപ്പിക്കുകയാണ് , ''ഇടുങ്ങിയവാതിലിന്റെ '' ഉപമയിലൂടെ.

യേശു തന്റെ ആരോഹണത്തിന്റെ മണിക്കൂറിനെ മനസിൽ കണ്ട് പ്രവാചകരെ കൊല്ലുന്ന ജറുസലേമിലേയ്ക്ക് യാത്ര ചെയ്യുന്നു . അതിനുമുമ്പ് ശിഷ്യന്മാരെ ഒരുക്കുക എന്ന വലിയ ദൗത്യം അവനിലുണ്ട് . ശഷ്യത്വത്തിന്റെ മഹത്വം സഹനത്താൽ മുദ്രവയ്ക്കപ്പെട്ടതാണെന്ന് അവിടുന്ന് അരുളിചെയ്യുന്നു . വഴിയാത്രയ്ക്കിടയിൽ അവിടുത്തോട് ചേർന്നുനടന്നിരുന്ന ഒരാൾ ചോദിക്കുന്നു , ''കർത്താവേ രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ'' ? യേശുനാഥൻ ചോദ്യത്തിന് കൃത്യം ഉത്തരം നല്കുന്നില്ല മറിച്ച് ഒരു ഉപമ അരുൾചെയ്തു . യഹൂദസാഹചര്യത്തിൽ നിന്നും അടർത്തിയ ഒരു സങ്കൽപത്തിലൂടെ – ഇടുങ്ങിയ വാതിലിന്റെ പ്രതീകത്തിലൂടെ – യഹൂദർക്ക് ഇടുങ്ങിയ വാതിൽ രക്ഷയുടെ പ്രതീകമാണ് . ഒന്നിനു പിറകേ ഒന്നായി അനേകം ആക്രമണങ്ങൾക്ക് അവർ വിധേയരായപ്പോൾ കോട്ടകളുടെ പ്രധാന വാതിലുകൾ അടച്ചിട്ടിരുന്നു . ഇടുങ്ങിയ ചെറിയ വാതിലിലൂടെയാണ് അവർ പ്രവേശിച്ചിരുന്നത് . ശത്രുവിന് അതിലേ പ്രവേശിക്കുക അസാദ്ധ്യമാണ് , അഥവാ കടന്നാലും കുതിരകളുമായി അകത്തു പ്രവേശിക്കുക സാദ്ധ്യമായിരുന്നില്ല . അകത്തു പ്രവേശിച്ചാൽ നടന്നു നീങ്ങാനേ സാധിക്കുമായിരുന്നുള്ളു . അതുകൊണ്ടു തന്നെ അവരെ കീഴ്പ്പെടുത്തുവാൻ എളുപ്പമായിരുന്നു. ഈ ഉപമയിലൂടെ ഈശോ നമ്മെ ഓർമ്മിപ്പിക്കുന്നു ക്രിസ്തീയ ജീവിത ശൈലി സഹനത്തിൽ ചാലിക്കപ്പെട്ടതാണെന്നും , സഹനത്തെ അഥവാ കുരിശിനെ മറച്ചുവച്ചുള്ള ജീവിതശൈലി അസാദ്ധ്യമെന്നും . അടഞ്ഞ വാതിൽ നിശ്ചിത സമയത്തിനുള്ളിൽ നമ്മുടെ പ്രയത്നങ്ങൾ അവസാനിപ്പിക്കണം എന്ന് നമ്മെ ഓർമിപ്പിക്കുന്നു.

ഒരിക്കൽ ദൈവം തന്റെ ഭക്തനു സ്വർഗ്ഗവും നരകവും ദർശിക്കാൻ അനുവാദം നല്കി . ഏറെ ഒരുക്കത്തിനു ശേഷം അയാൾ സ്വർഗ്ഗ കവാടത്തിലെത്തി അനാർഭാടമായ കവാടം. ശാന്തത തളം കെട്ടിനില്ക്കുന്ന അന്തരീക്ഷം . സമാധാനത്തിലും, സന്തോഷത്തിലും കഴിയുന്ന സ്വർഗ്ഗവാസികൾ, ഭക്തനു താല്പര്യമായി . വീണ്ടും അവൻ നരകത്തിലേയ്ക്ക് പോയി , സ്വാഗതമേകാൻ വലിയ തയ്യാറെടുപ്പിന്റെ വലിയ ശബ്ദം ഭക്തൻ കേട്ടു തുടങ്ങി . വമ്പിച്ച സന്നാഹത്തെ കണ്ടപ്പോൾ തന്നെ ഭക്തനു രസം പിടിച്ചു . മുന്നോട്ടു നടന്നുനീങ്ങിയപ്പോൾ പരസ്പരം കടിച്ചുകീറാൻ വെമ്പുന്ന നരക വാസികൾ . ഭക്തൻ ഞെട്ടിപ്പോയി . എങ്ങനെയെങ്കിലും രക്ഷപെടണം ദൈവം അവനെ സഹായിക്കാൻ തയ്യാറായി . അവൻ പുറത്തുവന്നു . ഇങ്ങനെ ചിന്തിച്ചു, ''പുറത്തു കണ്ടത് നരകത്തിന്റെ പരസ്യം . അകത്തു കണ്ടത് യഥാർത്ഥ നരകം''. ഓർക്കുക നരക ജീവിതവും ,അതിലേയ്ക്കുള്ള പരസ്യവും ഇന്ന് ശക്തവും , കൂടുതൽ ആകർഷകവുമാണ്. യേശുനാഥൻ ഇന്നത്തെ ഉപമയിലൂടെ പറയാൻ ശ്രമിക്കുന്നതും ഇതു തന്നെയാണ് .രക്ഷയിലേയ്ക്ക്നയിക്കുന്നവാതിലിലൂടെപ്രവേശിക്കാൻആരും മെനക്കെടാറില്ല .

എന്നാൽ നാശത്തിന്റെ വാതിലിലൂടെ എല്ലാവരും പ്രവേശിക്കാൻ കൂടുതൽ ഇഷ്ടപ്പെടുന്നു . രക്ഷനേടാനുള്ള ആഗ്രഹം നല്ലതുതന്നെ , എന്നാൽ ഇതിന് പ്രയത്നം , കൂടുതൽ സഹനം ആവശ്യമാണ് . തീഷ്ണമായി പ്രയത്നിക്കണം. ഇത് ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കലാണ് . അഴുകി തീരലാണ് . സ്വന്തം കുരിശെടുത്ത് രക്തത്താൽ നനഞ്ഞ യേശുനാഥന്റെ പിന്നാലെ പോകലാണ് .അവിടെ വേദനയുടെ , അസ്വസ്ഥതയുടെ ആരവം മുഴങ്ങികേൾക്കാം . എന്നാലും സഹനത്തിന്റെ പാതയിലൂടെ കടന്നു പോകാതെ വയ്യ . കാരണം കർത്താവിന്റെ സഹനം നമ്മുടെ മുമ്പിൽ സ്ഥാനം പിടിച്ചിരിക്കുന്നു . സഹനത്തിന്റെ കാസ അവസാനതുള്ളി വരെ കുടിച്ച ഉത്ഥിതനായ യേശു നമ്മുടെ മുമ്പിൽ ഒരു വെല്ലുവിളിയാണ് . സഹനത്തിലൂടെ കടന്നു പോവുക ,സഹനത്തിലൂടെ മഹത്വം നേടുക .ക്രിസ്തുവിന്റെ കുരിശിലെ സഹനത്തോട് അനുരൂപപ്പെടുന്നവനാണ് യഥാർത്ഥ ക്രിസ്തുശിഷ്യൻ .

ജീവിതത്തിൽനാമെല്ലാവരും അഭിമുഖീകരിക്കേണ്ട ഒരു യാഥാർത്ഥ്യമാണ് സഹനം .ജീവിതമാണോ സഹനമുണ്ട് , പ്രയാസങ്ങളുണ്ട് , ബുദ്ധിമുട്ടുകളുണ്ട് .പക്ഷേ അതിനെ രക്ഷാകരമാക്കി മാറ്റുക എന്നതാണ് പ്രധാനപ്പെട്ടകാര്യം . കാരണം നമ്മുടെ മുൻതലമുറക്കാർ കടന്നുപോയ ഈ ജീവിത യാഥാർത്ഥ്യം അവരെ തളർത്തുകയല്ല ,മറിച്ച് രക്ഷിക്കുകയാണ് ചെയ്തത് . സഹിക്കുവാനുള്ള സൂത്രവാക്യം - യേശുവിന്റെ പ്രവൃത്തിയിലും , സംസാരത്തിലും മുഴങ്ങികേൾക്കാം - സ്വാർത്ഥത കൈവിടുക, ഒപ്പം ഓർക്കുക 2 തിമോത്തി . 3 : 12 ''യേശു ക്രസ്തുവിനോട് ഐക്യപ്പെട്ട് വിശുദ്ധ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരെല്ലാം പീഠിപ്പിക്കപ്പെടും.''

**ഫാ. മാത്യു ഇരുമ്പുകുത്തിയിൽ**